# File No.HEDN-F2/114/2019-HEDN

**"ഭരണഭാഷ- മാതൃഭാഷ"**

15O YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസം - ജീവനക്കാര്യം - തിരുവനന്തപുരം ഗവ.ലോ കോളേജിലെ ഹെഡ് അക്കൗണ്ടന്റ് ശ്രീമതി.പ്രിയ.സി അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ പൂർണ്ണ അധികച്ചുമതല വഹിച്ച നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്**

**സ.ഉ.(സാധാ) നം.1476/2019/ഉ.വി.വ** **തീയതി,തിരുവനന്തപുരം, 19/08/2019**

പരാമർശം:- 1 കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 12.06.2019 തീയതിയിലെ സി2/760/2019/കോ.വി.വ നമ്പർ നടപടിക്രമം.

2 കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 10.05.2019, 16.06.2019 - തീയതികളിലെ സി2/760/2019/കോ.വി.വ നം.കത്തുകൾ.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം സർക്കാർ ലോ കോളേജിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ആയിരുന്ന ശ്രീ.നസീർ ഇ 31.07.2018 ന് സേവനത്തിൽ നിന്നും വിരമിച്ചതിനാൽ 01.08.2018 പൂർവാഹ്നം മുതൽ 18.09.2018 അപരാഹ്നം വരെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ പൂർണ്ണ അധികച്ചുമതല (സാമ്പത്തികാധികാരത്തോടുകൂടി) ടി കോളേജിലെ ഹെഡ് അക്കൗണ്ടന്റായ ശ്രീമതി പ്രിയ സി ക്ക് പരാമർശം (1) പ്രകാരം നൽകിയിരുന്നു.

ശ്രീമതി പ്രിയ സി തന്റെ റഗുലർ തസ്തികയുടെ ചുമതലകൾക്ക് പുറമേ, പൂർണ്ണ അധിക ചുമതല വഹിച്ച തസ്തികയുടെ സാമ്പത്തികവും ഭരണപരവും നിയമപരമായ എല്ലാ ചുമതലകളും അധിക ചുമതലാ കാലയളവിൽ തൃപ്തികരമായി നിർവ്വഹിച്ച സാഹചര്യത്തിൽ,തിരുവനന്തപുരം സർക്കാർ ലോ കോളേജിലെ ഹെഡ് അക്കൗണ്ടന്റ് ശ്രീമതി പ്രിയ.സി ക്ക് 01.08.2018 മുതൽ 18.09.2018 വരെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ അധികച്ചുമതല നൽകിയിരുന്ന കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ പരാമർശം (1) ലെ നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
L KUSALA KUMARI
**അണ്ടർ സെക്രട്ടറി**

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ബന്ധപ്പെട്ട വ്യക്തിയ്ക്ക് (കോളേജ് വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ/ഡയറക്ടർ, ഐ&പി.ആർ.ഡി
നോഡൽ ഓഫീസർ( highereducation.kerala.gov.in)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ